(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും എന്നത്തേക്ക് നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ഡി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ഇ) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1126 പട്ടികവർഗ്ഗ കോളനികൾ കൂടി വൈദ്യുതീകരിക്കാനുണ്ട്.

(സി&ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മണ്ഡല വൈദ്യുതീ കരണം പൂർത്തീകരിക്കുന്ന മുറയ്ക്കും കെ.എസ്.ഇ.ബി.യുടെ സഹകരണത്തോടുകൂടി ഘട്ടംഘട്ടമായി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഫണ്ടിന്റെ അപര്യാപ്തത, വിദൂരമായ സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള അധിക ചെലവ്, ഉൾവനത്തിനുള്ളിലും വൈദ്യുതി എത്തിക്കുന്നതിന് വനം വകുപ്പിന്റെ സാങ്കേതിക അനുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയാണ് പട്ടികവർഗ്ഗ കോളനി വൈദ്യുതീകരണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നേരിടുന്ന പ്രധാന തടസ്സങ്ങൾ.

പട്ടികവർഗ്ഗ ഗവേഷണ സ്കോളർഷിപ്പ്

130 (4187) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 100% കേന്ദ്രസഹായമുള്ള പട്ടികവർഗ്ഗ ഗവേഷണ സ്കോളർഷിപ്പ് സംബന്ധിച്ച പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും വകയിരുത്തിയ തുകയിൽ എത്ര ശതമാനം വീതമാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷങ്ങളിൽ നടന്ന സർക്കാർ സഹായത്തോടെയുള്ള പട്ടികവർഗ്ഗ ഗവേഷണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടിക വർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക സ്വഭാവ വിശേഷങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നതിനാണ് 100% കേന്ദ്ര സഹായമുള്ള പട്ടികവർഗ്ഗ ഗവേഷണ സ്കോളർഷിപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഗവേഷണത്തിൽ തൽപ്പരരായ സ്കോളർമാരിൽ നിന്നും നിർദ്ദിഷ്ട ഫോറത്തിൽ ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പ്രസിദ്ധീകരിച്ച പേപ്പറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ജോലിയുള്ളയാളാണെങ്കിൽ തൊഴിൽ ദാതാവിൽ നിന്നുള്ള സാക്ഷ്യപത്രം, ഗവേഷണത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം, ഗൈഡിന്റെ സാക്ഷ്യപ്പെടുത്തലോടെ ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത യൂണിവേഴ്സിറ്റി വകുപ്പുതലവൻ മുഖേനയുള്ള ശുപാർശ ചെയ്ത അപേക്ഷ എന്നിവ സഹിതം ഗവേഷണ സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി 2006-07, 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ 2225-02-794-96- Award for Research fellows (P) എന്ന ശീർഷകത്തിൽ ഒരു ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നു.

(സി&ഡി) 2006-07, 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ നിർദ്ദിഷ്ട യോഗ്യതകളുള്ള അപേക്ഷകൾ ലഭിക്കാത്തതിനാൽ ഈ തുക ചെലവഴിച്ചിട്ടില്ല.

എൽ.ബി.എസ്. സെന്റർ മുഖേന ബി.എഡ്. കോഴ്സിന് പ്രവേശനം

131 (4188) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്. സെന്റർ മുഖേന സ്വാശ്രയ കോളേജുകളിൽ ബി.എഡ്.കോഴ്സിന് സർക്കാർ ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) അപേക്ഷകരുടെ കുറവുമൂലം എൽ.ബി.എസ്. സെന്റർ സ്പോട്ട് അലോട്ട്മെന്റ് നടത്തി എസ്.സി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാറുണ്ടോ ;

(സി) ഇത്തരം വിദ്യാർത്ഥികളിൽ എസ്.സി. വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ചുള്ള സർക്കാർ സ്പഷ്ടീകരണം ആവശ്യമുണ്ടോ ;

(ഡി) എൽ.ബി.എസ്. സെന്റർ മുഖേന സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly